# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമത

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3205 — 29.01.2014 ൽ മറുപടിക്ക്

| | ചോദ്യം. | | ഉത്തരം. |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കാർഷിക വികസന മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ വിജയം പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുമോ; | (ബി) | ഇല്ല |
| (സി) | കൂടുതൽ മേഖലകളിലേക്ക് തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കേന്ദ്രസർക്കാരിന്റെ 03.01.2014 ലെ എസ്.ഒ 19 (ഇ) നമ്പർ വിജ്ഞാപന പ്രകാരം കൂടുതൽ മേഖലകളിലേക്ക് തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Sheejale

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ലേബർ ബഡ്ജറ്റ് കൃത്യതയോടെ തയ്യാറാക്കി യഥാസമയം കേന്ദ്രത്തിന് സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.
2. ആവശ്യാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിന് എല്ലാ പഞ്ചായത്തിലും ഷെൽഫ് ഓഫ് പ്രോജക്സ് തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണം, സമയബന്ധിതമായി വേതനം നൽകൽ എന്നിവ ഉറപ്പ് വരുത്തുന്നതിലേക്കായി, നിലവിലുള്ള കരാർ ജീവനക്കാർക്ക് പുറമേ, 60 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ അധികമായി ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് അതോടൊപ്പം 2 കോടിയിലധികം തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും, ഒരു എഞ്ചിനീയർ/ ഓവർസീയറെയും നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.
3. ഗ്രാമ -ബ്ലോക്ക് പഞ്ചായത്തുകളിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി, മെഷർമെന്റ്/ ചെക്ക് മെഷർമെന്റ് അധികാര പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.
4. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വാർഡ് മെമ്പർ അധ്യക്ഷനായ കമ്മിറ്റി എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകളിലും രൂപീകരിച്ചിട്ടുണ്ട്.
5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനസാമഗ്രികളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
6. പദ്ധതിയിലെ കൂലി വിതരണം കാര്യക്ഷമമാക്കുന്നതിലേക്കായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം(ഇ-എഫ്.എം.എസ്) നടപ്പിലാക്കിയിട്ടുണ്ട്.
7. തൊഴിലുറപ്പ് പദ്ധതിയിലെ മേറ്റ്മാരുടെ തെരഞ്ഞെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നതിനും പരിചയസമ്പന്നത ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
8. മൂന്നാംഘട്ട ജില്ലകളിലെ പദ്ധതിയുടെ വിലയിരുത്തൽ പഠനങ്ങൾ നടത്തുന്നതിനായി വിവിധ ഏജൻസികളെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.
9. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി വിശദമായ വിലയിരുത്തലുകൾക്കും പഠനത്തിനും ശേഷം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ നിയമപരമായി സാധ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.